(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ അത്യാവശ്യമരുന്നുകൾ ലഭ്യമാണ്. കൂടാതെ, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ വേണ്ട നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

പകർച്ചവ്യാധികൾ തടയുന്നതിന് നടപടി

141 (866) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാസുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഡെങ്കിപ്പനി, മന്ത്, ജപ്പാൻ ജ്വരം എന്നീ രോഗങ്ങൾ തടയുന്നതിന് ആറ് മെഡിക്കൽ കോളേജുകളുടെ സഹകരണത്തോടെ ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഡെങ്കിപ്പനി ബാധിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധിപേർ മരണമടഞ്ഞ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി പടരാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(എഫ്) ഡെങ്കിപ്പനിമൂലം സംസ്ഥാനത്ത് ഇതിനകം എത്രപേർ മരണമടഞ്ഞിട്ടുണ്ട് ; ഡെങ്കിപ്പനിയുടെ വൈറസ് വാഹിയായ കൊതുകുകളെ നശിപ്പിക്കുന്നതിന് എന്തെങ്കിലും അടിയന്തര പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ തടയുന്നതിന് ജില്ലാതലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാതല ഡിസീസ് സർവിലൻസ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കുകയും രോഗപകർച്ച റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻതന്നെ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. രോഗബാധിതർക്ക് വേണ്ട വിദഗ്ദ്ധ ചികിത്സക്കുള്ള സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സ്ഥാപനങ്ങളിൽ ചെയ്തിട്ടുണ്ട്. രോഗബാധയേയും വ്യാപനത്തെയും പറ്റി ആരോഗ്യ വകുപ്പിന്റെയും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച്,

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ്, ഡൽഹി എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് നടത്തിവരുന്ന പഠന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

(ബി) ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ദൈനംദിനം വിലയിരുത്തി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രോഗബാധിതർക്ക് അടിയന്തര ചികിത്സ നൽകുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്-ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ എല്ലാവിധ സംവിധാനങ്ങളും ചെയ്തിട്ടുണ്ട്. രോഗബാധിതരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും രക്തം പരിശോധനയ്ക്ക് വിധേയമാക്കുകയും രോഗവ്യാപനത്തിന്റെ സ്ഥിതി വിലയിരുത്തി, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ഉള്ള സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

(സി) പകർച്ചവ്യാധികൾ തടയുന്നതിന് പ്രിവൻഷൻ ഓഫ് എപ്പിഡെമിക് ആന്റ് ഇൻഫെക്ഷ്യസ് ഡിസീസ് സെൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഈഡിസ് വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണ് ഡെങ്കിപ്പനി പരത്തുന്നത്. ആയതിനാൽ കൊതുകു നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് താഴെപറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :-

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ കൊതുകു നശീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
2. രോഗബാധ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ കൊതുക് നശീകരണത്തിനായി ഫോഗിംഗ് നടത്തിവരുന്നു.
3. രോഗനിർണ്ണയത്തിനും വിദഗ്ദ്ധ ചികിത്സക്കും ആവശ്യമായ സംവിധാനങ്ങൾ എല്ലാ സർക്കാർ ആശുപത്രികളിലും ഏർപ്പെടുത്തിവരുന്നു.
4. ആരോഗ്യ വിദ്യാഭ്യാസം നല്കി പ്രതിരോധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

(എഫ്) ഡെങ്കിപ്പനി ബാധമൂലം 15 പേർ ഈ വർഷം മരണപ്പെട്ടതായി കണക്കാക്കുന്നു. ഡെങ്കിപ്പനിക്കുകാരണമായ വൈറസുകളെ വഹിക്കുന്ന കൊതുകുകളെ നശിപ്പിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. ടെക്നിക്കൽ മാലത്തിയോൺ എന്ന കീടനാശിനി ഉപയോഗിച്ച് ഫോഗിംഗ് നടത്തിവരുന്നു.
2. സിന്തറ്റിക് പൈറത്രോയ്ഡ് ഉപയോഗിച്ച് സ്പ്രേ നടത്തിവരുന്നു.
3. കൊതുകിന്റെ പ്രജനന സ്ഥലങ്ങൾ കണ്ടുപിടിച്ച് നശിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly